നമ്പർ.ഇ.എക്സ്/സി.ജനറൽ 1/39200/2019/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ
കാര്യാലയം, പരീക്ഷാ ഭവൻ,
പൂജപ്പുര, തിരുവനന്തപുരം-12
തീയതി: 27/12/2019

പ്രേഷകൻ
സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2020 - പരീക്ഷാർത്ഥികളുടെ വിവരങ്ങൾ iExaMS മുഖേന ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:-
1. 31.10.2019-ലെ എസ്.എസ്.എൽ.സി. പരീക്ഷാവിജ്ഞാപനം സി.ജി.എൽ1/39200/2019.
2. ഈ ഓഫീസിലെ 30.08.2019-ലെ കത്ത് നമ്പർ സി.ജനറൽ1/30231/2019.

മാർച്ച് 2020-ലെ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ iExaMS -ൽ ഓൺലൈനായി 09.01.2020-ന് മുമ്പായി പൂർത്തീകരിക്കേണ്ടതാണ്. ഓരോ സ്കൂളിലെയും പത്താം ക്ലാസ്സിലെ ക്ലാസ്സ് ടീച്ചർമാരും പ്രഥമാദ്ധ്യാപകരും ചേർന്നാണ് വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടത്. സ്കൂൾ തലത്തിൽ iExaMS മുഖേന ഓൺലൈൻ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്ന സമയക്രമം കൃത്യമായി പാലിക്കേണ്ടതാണ്.

സ്കൂളിൽ നിന്നും വെരിഫൈ ചെയ്ത് അപ്ലോഡ് ചെയ്യുന്ന വിവരങ്ങളാണ് വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുന്നത്. ആയതിനാൽ വിദ്യാർത്ഥി വിവരങ്ങളിൽ തെറ്റുകളൊന്നും ഇല്ലെന്ന് ഉറപ്പുവരുത്തിയ ശേഷമായിരിക്കണം വിദ്യാർത്ഥികളുടെ വിവരങ്ങൾ അപ്ലോഡ് ചെയ്യേണ്ടത്. വിദ്യാർത്ഥിവിവരങ്ങളിൽ തെറ്റുകളൊന്നും ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട സ്കൂൾ പ്രധാന അദ്ധ്യാപകർക്കായിരിക്കും. ആയതിനാൽ വിദ്യാർത്ഥി വിവരങ്ങൾ പരിശോധിക്കുന്ന പ്രവൃത്തി കൃത്യതയോടെ ചെയ്യേണ്ടതാണ്.

പത്താം ക്ലാസ്സിലെ ഒരു ഡിവിഷന്റെ രജിസ്ട്രേഷൻ പൂർത്തിയായി കഴിഞ്ഞാൽ ഓരോ വിദ്യാർത്ഥിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ parent verification checklist പ്രിന്റ് ലഭിക്കുന്നതാണ്. ക്ലാസ് ടീച്ചർ ഒപ്പിട്ട് ഓരോ വിദ്യാർത്ഥികളുടെയും parent verification checklist –ന്റെ പ്രസ്തുത ഭാഗം രക്ഷകർത്താക്കൾക്ക് നൽകി വിദ്യാർത്ഥി

വിവരങ്ങൾ രേഖപ്പെടുത്തിയതിൽ തിരുത്തലുകൾ ഉണ്ടെങ്കിൽ രേഖപ്പെടുത്തി ഒപ്പിട്ട് തിരിച്ച് വാങ്ങേണ്ടതാണ്. parent verification checklist രക്ഷകർത്താക്കൾക്ക് നൽകിയിട്ടുണ്ടെന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

iExaMS പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് iexamhelpdesk@gmail.com -ലേയ്ക്ക് സ്കൂളിന്റെ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിൽ നിന്നും സ്കൂൾ ലറ്റർ പാഡിൽ തയ്യാറാക്കിയ പ്രധാനഅദ്ധ്യാപകർ ഒപ്പ് വച്ച് സ്കൂൾ സീൽ പതിപ്പിച്ച് സ്കാൻ ചെയ്ത് അപേക്ഷ e-mail ചെയ്യേണ്ടതാണ്. അയയ്ക്കുന്ന അപേക്ഷയിൽ സ്കൂൾ കോഡ് (പരീക്ഷാഭവൻ കോഡ്), പ്രഥമാദ്ധ്യാപകന്റെ മൊബൈൽ നമ്പർ എന്നിവ നിർബന്ധമായും ചേർത്തിരിക്കണം.

ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള iExaMS SSLC user manual എല്ലാ സ്കൂളുകളിയേക്കും നൽകേണ്ടതും സമയ ബന്ധിതമായും കൃത്യതയോടെയും നിശ്ചിത സമയത്തിനുള്ളിൽ iExaMS -ൽ വിദ്യാർത്ഥി വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

ജില്ലാവിദ്യാഭ്യാസ ഓഫീസ് പരിധിയിൽ സർക്കാർ അംഗീകാരമില്ലാത്ത സ്കൂളുകൾ പരീക്ഷാകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് അത്തരം സ്കൂളുകളെ പരീക്ഷാകേന്ദ്രങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഓരോ വിദ്യാഭ്യാസ ജില്ലയിലെയും സ്കൂളുകളുടെ ലിസ്റ്റ് DEO Login -ൽ ലഭ്യമാണ്. പ്രസ്തുത ലിസ്റ്റ് പരിശോധിച്ച് അംഗീകാരമില്ലാത്ത സ്കൂൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ 31.12.2019 -ന് മുമ്പായി ഈ ഓഫീസിലേയ്ക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

iExaMS പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന സ്കൂളുകളുടെ പട്ടിക DEO Login -ൽ ലഭ്യമാകുന്നതാണ്. പ്രസ്തുത സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പരീക്ഷാരജിസ്ട്രേഷൻ പൂർത്തീകരിക്കാനുള്ള നടപടി ജില്ലാവിദ്യാഭ്യാസ ഓഫീസർ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള നിർദ്ദേശം യഥാസമയം നൽകുന്നതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

സെക്രട്ടറി

SK